C 62515 (Pages : 3) Name.................................

Reg. No..............................

# SECOND SEMESTER DEGREE EXAMINATION, MAY 2019

(CUCBCSS–UG)

B.Com./B.B.A. Malayalam

## MAL 2A 02 (1)—മലയാള സാഹിത്യ പഠനം—II

(MALAYALA SAHITHYA PADANAM—II)

(2014 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും ½ മാർക്ക് വീതം :

1 'വാഴക്കുല' എന്ന കൃതി എഴുതിയതാര് ?

2 'രാവണരാജാവിൻെറ ചന്ദ്രഹാസം തുരുമ്പു പിടിച്ചിരിക്കുന്നു'—ആരുടെ വാക്കുകൾ ?

3 ആഗസ്റ്റ് ആറിൻെറ പ്രത്യേകതയെന്ത് ?

4 'അഗ്നിസാക്ഷി' എന്ന നോവൽ എഴുതിയതാര് ?

5 'ഏട്ടിലെ പശു' എന്ന നാടകത്തിൻെറ കർത്താവാര് ?

6 "കാറ്റുലയ്ക്കും സരസ്സിൻെറ യോളത്തിൽ-
ക്കാണുമാമ്പലമൊട്ടെന്നപോലെവേ"

—സൂചിതമെന്ത് ?

7 'ആലാഹയുടെ പെണ്മക്കൾ' ആരുടെ നോവലാണ് ?

8 റോസി തോമസിന് സി.ജെ. നൽകിയ ഇരട്ടപ്പേര് എന്തായിരുന്നു ?

9 'മഴുവിൻെറ കഥ' എന്ന കൃതി എഴുതിയതാര് ?

10 കന്നുകാലി കൂട്ടിൽ പട്ടിണി നിന്നാൽ ആ വീടിൻെറ ഐശ്വര്യം കെട്ടുപോകുമെന്നാണ് അയാളുടെ വിശ്വാസം—ആരുടെ ?

(10 × ½ = 5 marks)

II. എല്ലാ ചോദ്യത്തിനും ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം :

11 "കഷ്ട,മപൂർണ്ണത കൊണ്ടെന്തിനിങ്ങനെ
കെട്ടിപ്പടുത്തതീ ലോകം

—കവി ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

Turn over

Scanned with CamScanner

12 "എപ്പോഴെന്നറിഞ്ഞീലാ
നിൻ പരമ്പരയ്ക്കുമേൽ
നിത്യ വൈകല്യത്തിൻെറ
ശാപമായ് പ്പതിച്ചീടാം"
—സൂചിതമെന്ത് ?

13 "ഏതു തേജസാ പൂജിതമല്ല നിൻ-
നൂതനോദയ സൗഭഗം ബാല്യമേ !"
—സാരസ്യം വ്യക്തമാക്കുക.

14 "ലോകത്തിനു വിശക്കുമ്പോൾ പ്രണയം ഒരധികച്ചെലവാണെന്ന് അവർ ആക്രോശിച്ചു"—ആര് ? വ്യക്തമാക്കുക.

15 'പുതിയ വാതിലു'കളിലെ കഥാപാത്രം മോഷണം ജീവിതത്തൊഴിലാക്കിയത് എന്തിനായിരുന്നു ?

(5 × 2 = 10 marks)

II. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം :

16 "അക്കാലത്താണ് ഒരിക്കൽ പോൾസ് കോളേജിലെ പെൺകുട്ടികളിൽനിന്ന് ഞെട്ടിപ്പിക്കുന്ന വാർത്ത കേട്ടത് "—വാർത്ത എന്തായിരുന്നു ?

17 "അങ്കോം കാണണം, താളീമൊടിക്കണം, നാടും പിടിക്കണം, ഇതിനൊക്കെക്കൂടി ഇതല്ലേ തൊക" —ആരുടെ വാക്കുകൾ ? സന്ദർഭം വിശദമാക്കുക.

18 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന കഥയിലെ നായികയുടെ സ്വഭാവം നിരൂപണം ചെയ്യുക.

19 "അത്തനിത്തങ്കമെയ് തൊടാൻ മറ്റേതു-
ണ്ടിത്രമാത്രം കളങ്കമറ്റുള്ള കൈ ?"
—സന്ദർഭം, സാരസ്യം എന്നിവ വിവരിക്കുക.

20 "അല്ല, സംതൃപ്തന, ലുഗ്രനൈരാശ്യമേ ;
വെല്ലുവിളിപ്പു ഞാൻ നിന്നെ"
—കവി ഈ മാനസികാവസ്ഥയിലെത്തിയത് എപ്പോൾ ?

21 യുദ്ധം അരക്ഷണംകൊണ്ട് അവസാനിപ്പിക്കുവാൻ ഇന്ദ്രജിത്ത് പറഞ്ഞ മാർഗ്ഗമെന്തായിരുന്നു ? അതിലെ അധാർമ്മികത വിശദീകരിക്കുക.

22 'പ്രകൃതിക്ക് കൊടുക്കുക' എന്ന ലേഖനത്തിൻെറ കാലിക പ്രസക്തി വ്യക്തമാക്കുക.

(5 × 5 = 25 marks)

Scanned with CamScanner

IV. ഏതെങ്കിലും **നാലു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക. ഓരോന്നിനും 10 മാർക്ക് വീതം :

23 'ലങ്കാലക്ഷ്മി'യിലെ നായക കഥാപാത്രമെന്ന നിലയിൽ രാവണനിൽ കാണുന്ന ഗുണങ്ങൾ വിവരിക്കുക.

24 'എഴുത്തിൻെറ ഈറ്റില്ലം' എന്ന ലേഖനത്തിലൂടെ ലളിതാംബിക അന്തർജ്ജനം അവതരിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാം ? വിശദീകരിക്കുക.

25 കാല്പനിക കവിതയുടെ എന്തെല്ലാം പ്രത്യേകതകളാണ് 'ആരാമത്തിലെ ചിന്തകൾ' എന്ന കവിതയിൽ കാണാനാവുന്നത് ? വിവരിക്കുക.

26 'ശബ്ദിക്കുന്ന കലപ്പ' എന്ന കഥയിലെ മാനവികതയുടെ തലങ്ങൾ വിശകലനം ചെയ്യുക.

27 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന കഥയ്ക്ക് നിരൂപണം തയ്യാറാക്കുക.

28 'കളങ്കമറ്റ കൈ' എന്ന കവിതയെ ആകർഷകമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം ? വിവരിക്കുക.

(4 × 10 = 40 marks)

Scanned with CamScanner